**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/013/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 22 -04- 2025**

പരാതിക്കാരൻ : ശ്രീ.സാബു.ജോണി
മാനേജിംഗ് ഡയറക്ടർ
**M/s. EVM Automotive India Pvt.Ltd.**
**(LCN : 6/6815), Angel Plaza, TVS Jn,**
**Kalamassery - 682022.**

എതിർകക്ഷി : 1. ഡെപ്യൂട്ടി ചീഫ് എൻജിനീയർ
ഇലക്ട്രിക്കൽ സർക്കിൾ,
**KSEBL**, പെരുമ്പാവൂർ,
എറണാകുളം (ജില്ല)

2. സ്പെഷ്യൽ ഓഫീസർ (റെവന്യൂ)
വൈദ്യുതി ഭവനം, **KSEBL**
പട്ടം, തിരുവനന്തപുരം - **695004**

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. സാബു ജോണി, **M/s EVM Automobiles India Pvt Ltd** എന്ന കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആണ്. ഈ സ്ഥാപനം ലൈസൻസിയായ **KSEBL** ന്റെ ഒരു **HT** ഉപഭോക്താവാണ്. **connected load 490 KW** ഉം **Maximum demand 280 KVA** ആയ പ്രസ്തുത കണക്ഷൻ **HT IV A** താരിഫിലുള്ളതാണ്. ഈ കണക്ഷനിലുപയോഗിച്ചിരിക്കുന്ന **CT** യുടെ **ratio 15/5** ആണെങ്കിലും **11/2021** മുതൽ **08/2024** വരെയുള്ള കാലഘട്ടത്തിൽ

Multiplication factor "2" ആയി കണക്കാക്കിയാണ് ബില്ല് നൽകിയിരുന്നത് എന്ന് SOR നൽകിയ 10/10/2024 ലെ കത്തിൽ പറഞ്ഞിരിക്കുന്നു. അത് പ്രകാരം ഈ കാലയളവിൽ ലൈസൻസിയ്ക്ക് കിട്ടേണ്ടിയിരുന്നതിൽ കുറവുവന്ന തുക Rs 65,51,657/- ആയി കണക്കാക്കുകയും അതിന് ബില്ല് നൽകുകയും ചെയ്തു. 34 മാസത്തേയ്ക്കാണ് Short Assessement ആയി തുക കണക്കാക്കിയിരിക്കുന്നത്. ഇത്രയും തുക ഒരുമിച്ചടയ്ക്കുന്നത് വൻസാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്നതിനാൽ തവണകളായി അടയ്ക്കാൻ ലൈസൻസീ അനുവദിച്ചെങ്കിലും അതിനുള്ള പലിശയിനത്തിൽ 16 ലക്ഷത്തിനുമേൽ അടയ്ക്കേണ്ടതാണെന്നും അറിയിച്ചു. പരാതിക്കാരന് പലിശരഹിതമായി 24 തവണയായി അടയ്ക്കണമെന്നതാണാവശ്യം. ഇതിനുവേണ്ടി CGRF ൽ പരാതി സമർപ്പിക്കുകയും CGRF നടപടികൾ പൂർത്തിയാക്കി ഉത്തരവ് 21/01/2025 ൽ ഇറക്കുകയും ചെയ്തു. CGRF ന്റെ ഉത്തവിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കരന്റെ വാദം

10-10-2024 ൽ Letter No. SOR/Billing/HTB-6/6815/2024-25/76 ആയി സ്പെഷ്യൽ ഓഫീസർ (റവന്യൂ), വൈദ്യുതി ഭവനം, തിരുവനന്തപുരം ഓഫീസിൽ നിന്നും ഒരു കത്ത് ലഭിക്കുകയുണ്ടായി. ഈ കത്തിൽ ഞങ്ങളുടെ സ്ഥാപനത്തിന്റെ CT Ratio 11/2021 മുതൽ 8/2024 വരെ 15/5 Ratio ഉള്ള CTയുടെ Multiplication factor ആയ 3 കൊണ്ട് ഗുണിക്കുന്നതിനു പകരം 10/5 CTയുടെ Multiplication factor ആയ 2 കൊണ്ട് ഗുണിച്ചാണ് ബില്ല് തന്നിരിക്കുന്നത് എന്നും ടി പിരീഡിലെ ബില്ല് റിവൈസ് ചെയ്ത് കുറഞ്ഞുപോയ തുക അടക്കേണ്ടി വരുമെന്നും അറിയിച്ചു.

അതിനുശേഷം Demand cum Disconnection Notice എന്ന തലക്കെട്ടിൽ 19-10-2021 ൽ SORന്റെ ഓഫീസിൽ നിന്നും Letter No.SOR/Billing/HTB-6/6815/2024-25/77 (marked as Exhibit P4) നമ്പ രിൽ 25-11-2021 മുതൽ 31-8-2024 വരെ Multiplication factor 3 ഉപയോഗിക്കുന്നതിനു പകരം 2 ഉപയോഗിച്ചതു കൊണ്ട് മേൽക്കാലയളവിലെ ബില്ല് റിവൈസ് ചെയ്തപ്പോൾ 65,51,657/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്നും ടി തുക 18-11-2024 ന് മുമ്പായി അടയ്ക്കണമെന്നും അറിയിച്ചിരുന്നു. ഈ കത്തുമായി ബന്ധപ്പെട്ടുള്ള ഞങ്ങളുടെ ആക്ഷേപങ്ങൾ 6-11-2024 ൽ സ്പെഷ്യൽ ഓഫീസർ (റ വന്യൂ) ന് നൽകുകയും ചെയ്തു. കൂടാതെ ഈ ആക്ഷേപത്തിന്റെ കോപ്പി പെരുമ്പാവൂർ സർക്കിൾ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർക്കും, ആലുവ ഡിവിഷൻ എക്സി. എഞ്ചിനീയർക്കും കളമശ്ശേരി സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ്

എഞ്ചിനീയർക്കും, കളമശ്ശേരി സെക്ഷൻ അസി.എഞ്ചിനീയർക്കും നൽകിയിട്ടുള്ളതാകുന്നു. എന്നാൽ ഇതിന് ആരുടെ ഭാഗത്തുനിന്നും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്ന് ഖേദപൂർവ്വം അറിയിക്കട്ടെ. ഇതു കൂടാതെ ഒക്ടോബർ മാസത്തെ ഞങ്ങളുടെ റഗുലർ ഇലക്ട്രിസിറ്റി ബിൽ തുകയായ **4,38,467/-** രൂപയുടെ ബില്ല് അടച്ചെങ്കിലും ടി ബിൽ തുക വൈദ്യുതി ചാർജ്ജ് ഇനത്തിൽ വകയിരുത്താതെ **2024** നവംബർ മാസത്തെ ബില്ലിൽ മുൻ മാസം അടച്ച തുക **4,38,467/-** രൂപ അരിയർ ആയി കാണിച്ച് പുതിയ ബിൽ തുകയായ **3,56,656/-** രൂപ അടക്കം മൊത്തം **7,95,123/** രൂപയുടെ ബില്ലാണ് നൽകിയത്. ഇതിനെക്കുറിച്ച് **SOR**ന്റെ ഓഫീസിൽ ടെലഫോണിലൂടെ അന്വേഷിച്ചപ്പോൾ റഗുലർ ബിൽ തുകയായ **4,38,467/-** രൂപ **short assessment bill** തുകയായ **65,51,657/-** രൂപയിൽ വകവെച്ചെന്നും അതുകൊണ്ടാണ് കറന്റ് ചാർജ്ജ് അരിയറായി കാണിച്ചിരിക്കുന്നതെന്നും അറിയിച്ചു. കെ.എസ്.ഇ.ബി യുടെ ഈ തെറ്റായ പ്രവൃത്തി കറക്ട് ചെയ്ത് റഗുലർ ഇലക്ട്രിസിറ്റി ചാർജ്ജ് റഗുലർ ഇലക്ട്രിസിറ്റി ബിൽ തുകയിൽ വരവ് വെച്ചുകൊണ്ട് തിരുത്തിയ ബിൽ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് **6-11-2024** ൽ സ്പെഷ്യൽ ഓഫീസർ (റവന്യൂ) ന് കത്ത് നൽകുകയും ചെയ്തു. കൂടാതെ ഈ ആക്ഷേപത്തിന്റെ കോപ്പി പെരുമ്പാവൂർ സർക്കിൾ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർക്കും, ആലുവ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും കളമശ്ശേരി സബ് ഡിവിഷൻ അസി.എക്സി.എഞ്ചിനീയർക്കും, കളമശ്ശേരി സെക്ഷൻ അസി. എഞ്ചിനീയർക്കും നൽകിയിട്ടുള്ളതാകുന്നു. ഇതിനും ആരുടെ ഭാഗത്തുനിന്നും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നും ഖേദപൂർവ്വം അറിയിക്കട്ടെ.

കൂടാതെ **18-11-2024** ൽ **3pm** ന് മുൻപായി **65,51,657/-** രൂപ അടച്ചില്ലെങ്കിൽ വൈദ്യുതി കട്ട് ചെയ്യുമെന്ന് **SOR** ന്റെ ഓഫീസിൽ നിന്നും ഫോൺ വഴി പല പ്രാവശ്യം അറിയിച്ചതിന്റെ പേരിൽ **Disconnection** ഒഴിവാക്കുവാൻ വേണ്ടി ടി തുക **installment** ആക്കി **installment** തുക **under protest**-ൽ അടക്കുവാനും കണക്കാക്കി **Short assessment** തുക **34** ഗഡുക്കളാക്കി തരുവാൻ **mail** മുഖേന **request** നൽകി ടി **request** ൽ മറുപടിയായി **34 installments sanction** ചെയ്തു കൊണ്ടുള്ള കത്തും ലഭിക്കുകയുണ്ടായി. ടി കത്തിൽ ഓരോ മാസത്തെ **installment** തുകയും അതിന്റെ പലിശയും രേഖപ്പെടുത്തിയിട്ടുള്ള **statement**ഉം ഉണ്ടായിരുന്നു. ഈ **statement** പ്രകാരം ടി തുക **Installment** ആക്കിയതിന് **16** ലക്ഷത്തിനുമേൽ തുക പലിശയായി അടക്കണമെന്നും കാണിച്ചിരുന്നു. **65** ലക്ഷം രൂപ **short assessment** വന്നത് ആരുടെ കുറ്റം കൊണ്ടാണ്. **KSEB Staff** ന്റെ അശ്രദ്ധ കൊണ്ടല്ലേ. **65** ലക്ഷം ഒരുമിച്ചടക്കാൻ

ആർക്കെങ്കിലും സാധിക്കുമോ? ഇത് സ്ഥാപനത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന വിഷയമല്ലേ? ആയതിനാൽ ഞങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് **KSEB Multiplication Factor** തെറ്റായി എടുത്തതിന് ഞങ്ങളിൽ നിന്ന് **installment** ന്റെ പേരിൽ **16** ലക്ഷം പലിശ ഈടാക്കുന്നത് അന്യായമാണെന്നും പലിശ ഒഴിവാക്കി പുതിയ **Installment statement** നൽകാനും ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ **SOR** ന് **mail** മുഖേന കത്ത് അയക്കുകയും ചെയ്തു. ഇതിന് ഈ സമയം വരെ മറുപടി ഒന്നും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

ഒക്ടോബർ മാസത്തെ **current bill** തുകയായ **4,38,467/-** രൂപയും നവംബർ മാസത്തെ ഇലക്ട്രിസിറ്റി ബിൽ തുകയായ **3,56,656/-** രൂപയും ഞങ്ങൾ കൃത്യമായി അടച്ചിട്ടുള്ളതാണ്. മൊത്തം **7,95,123/-** രൂപ ഇലക്ട്രിസിറ്റി ബിൽ തുക അടച്ചത് **short assessment amount** ൽ വക വച്ചുകൊണ്ട് **2** മാസത്തെ ഇലക്ട്രിസിറ്റി ബിൽ മുടക്കമാണെന്ന് കാണിച്ച് **27-11-2024** ന് മുമ്പ് **7,95,123/-** രൂപ അടച്ച് **disconnection** ഒഴിവാക്കണമെന്ന് കാണിച്ച് **26-11-2024**ന് ഒരു **message** ലഭിക്കുകയുണ്ടായി. ഞങ്ങൾ കൃത്യമായി മുടക്കമില്ലാതെ വൈദ്യുതി ചാർജ് അടക്കുന്ന വരാണെന്നും മുടക്കം വരുത്താറില്ലെന്നും, ഇലക്ട്രിസിറ്റി ചാർജ്ജും **short assessment** ബില്ലും രണ്ടും രണ്ട് വിഷയങ്ങളാണെന്നും, ഇലക്ട്രിസിറ്റി ബിൽ തുക അടച്ചത് ഇലക്ട്രിസിറ്റി ബില്ലിൽ തന്നെ വകയിരുത്തണമെന്ന് കാണിച്ച് **SOR**ന് ഞങ്ങൾ കത്തു നൽകുകയുണ്ടായി. ആയതിനാൽ ഞങ്ങളുടെ വൈദ്യുതി **cut** ചെയ്യുമെന്നുള്ള അറിയിപ്പിലൂടെ ഏതൊക്കെ തരത്തിൽ ഒരു കൺസ്യൂമറെ അവരുടേതല്ലാത്ത കുറ്റത്തിന് ശിക്ഷിക്കാമോ അതെല്ലാം കൃത്യമായി ചെയ്യുകയാണെന്ന് ഖേദപൂർവ്വം അറിയിക്കട്ടെ.

ബോർഡിന്റെ നിലവിലെ നിയമമനുസരിച്ച് **10KW** വരെ കണക്റ്റഡ് ലോഡുള്ള കൺസ്യൂമേഴ്സിന്റെ റീഡിങ്ങ്, മീറ്റർ റീഡർമാർ എടുത്താൽ മതി എന്നും **10 KW** ന് മുകളിൽ **100 KVA** ക്ക് താഴെയുള്ള എല്ലാവിഭാഗത്തിലും പെട്ട **LT** കണക്ഷനുകൾക്ക് അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സബ് എഞ്ചിനീയർ തലത്തിലുള്ള ഉദ്യോഗസ്ഥൻ റീഡിങ്ങ് എടുത്ത് ബിൽ നൽകണമെന്നും. **100 KVA**ക്ക് മുകളിലുള്ള **HT** കണക്ഷനുകളുടെ റീഡിങ്ങ് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ എടുക്കണമെന്നും, അതിന് മുകളിലേക്കുള്ള **EHT** വിഭാഗത്തിലുള്ള റീഡിങ്ങ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ കാറ്റഗറിയിൽ പെട്ടവരും എടുക്കണമെന്ന് ബോർഡ് ഉത്തരവിലുള്ളതാണ്. റീഡിങ്ങിന്റെ കൃത്യതയ്ക്കും തെറ്റ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഓരോ

വിഭാഗം ഉദ്യോഗസ്ഥർക്കും ഓരോ കാറ്റഗറിയുടെ ചുമതല നൽകിയിരിക്കുന്നത്. 11/2021 മുതൽ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ തെറ്റായി രേഖപ്പെടുത്തി ബില്ല് ചെയ്യുന്ന വിവരം SORന്റെ ഓഫീസിൽ ബില്ല് തയ്യാറാക്കുന്ന സീനിയർ അസിസ്റ്റന്റിനോ, ബില്ലിങ്ങ് സൂപ്രണ്ടിനോ, സ്പെഷ്യൽ ഓഫീസർക്കോ, ബന്ധപ്പെട്ട സർക്കിൾ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കോ, ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ, സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്കോ, എല്ലാ മാസവും ടി കൺസ്യൂമറുടെ റീഡിങ്ങ് എടുക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർക്കോ കണ്ടുപിടിക്കാൻ സാധിച്ചില്ല എന്നുള്ളത് ടി ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്നും, കൺസ്യൂമർ എന്ന നിലയിൽ എന്റെ വീഴ്ചയല്ലെന്നും അറിയിക്കുന്നു. KSERC റഗുലേഷനുകൾ പ്രകാരം യാതൊരുവിധ ടെസ്റ്റുകളും നടന്നിട്ടില്ല എന്ന വിവരവും അറിയിക്കുന്നു. അതായത് ഈ short assessment ബില്ലും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ അശ്രദ്ധ കൊണ്ട് സംഭവിച്ചതാണെന്നും ആയതിൽ നിന്നുണ്ടായ ബാധ്യതയിൽ നിന്ന് കൺസ്യൂമറെ ഒഴിവാക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ സപ്ലൈ കോഡ് 2014 റഗുലേഷൻ 152 (3) പ്രകാരം ലൈസൻസിയുടെ ഭാഗത്തെ ക്രമക്കേടുകളായ തെറ്റായ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ, തെറ്റായ താരിഫ്, മീറ്ററിലെ കൃത്യതയില്ലായ്മ തുടങ്ങിയ എന്തെങ്കിലും അപാകതകൾ ഉപഭോക്താവിന്റെ പ്രിമൈസസിലെ പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ ഈ ക്രമക്കേട് 24 മാസത്തിൽ കൂടുതൽ ഉണ്ടായിരുന്നുവെന്ന് കണ്ടെത്തിയാൽ പോലും ഷോർട്ട് അസ്സസ്സ്മെന്റ് കാലയളവ് 24 മാസമായി പരിമിതപ്പെടുത്തേണ്ടതാണ് എന്ന കാര്യവും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല എന്നറിയിക്കുന്നു.

ഞങ്ങൾക്ക് നൽകിയിരിക്കുന്ന എല്ലാ ഇലക്ട്രിസിറ്റി ബില്ലുകളും കൃത്യമായി അടച്ചിട്ടുള്ളതാകുന്നു. ഈ സ്ഥാപനം ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയതുകൊണ്ട് എല്ലാ വർഷത്തേയും ഇലക്ട്രിസിറ്റി ചാർജുൾപ്പെടെയുള്ള എല്ലാ വരവ് ചെലവ് കണക്കുകളും തിട്ടപ്പെടുത്തി, ഓഡിറ്റ് ചെയ്ത്, ലാഭനഷ്ടങ്ങൾ മനസ്സിലാക്കിയിട്ടാണ് അടുത്ത കൊല്ലത്തെ സേവനത്തിന്റെ തുക നിശ്ചയിക്കുന്നത്. ഷോർട്ട് അസ്സസ്സ്മെന്റിന്റെ പേരിൽ വൈദ്യുതി ബോർഡ് നൽകിയിരിക്കുന്ന ഇത്ര വലിയ തുക (Rs. 65,51,657) പിന്നോട്ടുള്ള ഏകദേശം 3 കൊല്ലക്കാലയളവിൽ വകയിരുത്തുവാൻ സാധിക്കാത്തതുമാകുന്നു. എല്ലാ വർഷവും കൃത്യമായ വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ സേവന തുക നിശ്ചയിച്ച് മുന്നോട്ട്

പോകുന്ന ഒരു സ്ഥാപനത്തിന് കഴിഞ്ഞുപോയ ഇത് വലിയ കാലയളവിലെ ഒരു വലിയ കുടിശ്ശിക തുക അടയ്ക്കേണ്ടി വരിക എന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും വളരെ സാമ്പത്തിക നഷ്ടം വരുത്തുന്ന കാര്യമാണെന്നും ഖേദപൂർവ്വം അറിയിക്കുന്നു.

റഗുലേറ്ററി കമ്മീഷന്റെ **2014** ൽ തയ്യാറാക്കിയിട്ടുള്ള സപ്ലൈ കോഡും അതിലെ റഗുലേഷൻസും ഉപഭോക്താവിന് നീതി കിട്ടുന്നതിനുവേണ്ടിയാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ ഈ സപ്ലൈ കോഡിലെ വ്യവസ്ഥകൾ ഒന്നും തന്നെ പാലിക്കുവാൻ **KSEB** ക്ക് ബാധ്യതയില്ല എന്നുള്ള നിലയിലാണ് **KSEB** യുടെ ബില്ലിങ്ങ് രീതികൾ കാണുന്നത്. സപ്ലൈ കോഡ് **2014** ലെ **KSEB**ക്ക് ഗുണകരവും അനുകൂലവുമായ വ്യവസ്ഥകൾ പാലിക്കുവാൻ കൺസ്യൂമർ ബാധ്യസ്ഥനാണെന്ന് **KSEB** പറയുമ്പോൾ കൺസ്യൂമർക്ക് ഗുണകരവും അനുകൂലവുമായ സപ്ലൈ കോഡ് **2014** ലെ വ്യവസ്ഥകൾ പാലിക്കുവാൻ **KSEB**ക്കും ബാധ്യതയുണ്ടെന്നുള്ള കാര്യം **KSEB** പലപ്പോഴും വിസ്മരിക്കുകയാണ് ചെയ്യുന്നത്.

മേൽ പറഞ്ഞിരിക്കുന്ന ആക്ഷേപങ്ങൾ കണക്കിലെടുത്ത് ബോർഡിലെ ഉദ്യോഗസ്ഥരുടെ അശ്രദ്ധ കൊണ്ട് സംഭവിച്ച തെറ്റിന് ഞങ്ങൾ ഉത്തരവാദികളല്ല എന്നും അറിയിക്കുന്നു.

## എതിർകക്ഷിയുടെ വാദം

The petitioner M/s. EVM Automotive India Pvt. Ltd. is a HT IV (A) Commercial live consumer of Kerala State Electricity Board Ltd., with consume number, LCN :6/6815 under Electrical Section, Kalamassery and HT Agreement Authority is Electrical Circle, Perumbavoor.

As per the letter No. SOR/Billing/HTB-6/6815/2024-25/76 dated 10.10.2024, the office of the 2$^{nd}$ respondent informed the petitioner consumer that the CTS/PT/TOD meter to M/s. EVM Automotive India Pvt. Ltd., Kalamassery bearing LCN-6/6815 was recommissioned without change of CT ratio i.e, 15/5 (Multiplication Factor-3) and Contract Demand (200 KVA). It was given to the petitioner consumer based on the reports of Assistant Executive Engineer, HT Meter Testing Field Unit, Ernakulam under Division of TMR Angamaly forwarded to the office of he First Respondent through the email given by the Assistant Engineer, KSEB, Kalamassery on 23.09.2024 and the order of the Hon'ble Kerala State Electricity Regulatory Commission in O.P No.03/2021 dated 05.11.2021. On detailed verification of TMR report, it was found that the actual CT ratio is 15/5 (Multiplication Factor-3). but wrongly recorded as 10/5 (Multiplication

Factor -2 ) as on 25.11.2021. As such the same was effected in energise billing software and bills for the month from November 2021 to August 2024. Hence the bill needs to be revised to compensate the under charged bills of for the period from 11/2021 to 08/2024 as per Regulation 134(1) of the Supply Code 2014. The Regulation 134(1) of Kerala Electricity Supply Code 2014 states that "if the licensee establishes either by review or otherwise, that it has undercharged the consumer, the licensee may recover the amount so underchanged from the consumer by issuing a revised bill".

The matter was informed to the consumer on 10.10.2024. Thereafter the petitioner was served on a bill dated 19.10.2024 for an amount of Rs.65,51,657/- (Rupees Sixty Five Lakh Fifty One thousand Six Hundred and Fifty Seven Only) being the short assessment amount for the period from 25.11.2021 to 31.08.2024 on the strength of Section 45 and Section 56(2) of the Indian Electricity Act of 2003 & Regulation 134(1) of Kerala Electricity Supply Code 2014. The CTS/PT/TOD Meter to M/s. EVM Automotive India Pvt. Ltd., Kalamassery bearing LCN-6/6815 was recommissioned with CT ratio15/5 (Multiplication factor-3) and Contract demand 200KVA on 25.11.2021. On verification of TMR report, it was found that the CT ratio is wrongly recorded as 10/5 (MF 2) instead of 15/5 (MF-3) with effect from 25.11.2021. As such the same was effected in energizing billing software and which necessitates revision of bills for the months from November 2021 to August 2024 to compensate the under charged bills and, the Demand cum Disconnection Notice was served to the petitioner.The petitioner consumer was also informed by the first respondent that Installment facility will be sanctioned based on the application received from him on or before the due date. In response to the request dated 15.11.2024 and request received on 18.11.2024 through e-mail from the petitioner, this office response in reply e-mail informing the consumer that installment facility will be sanctioned based on the receive of application from him.

The petitioner had been allowed instalment facility to settle the arrears due to KSEBL on 18.11.2024 as per his request on the same day itself in 34 monthly instalments. Even though KSEBL has taken a lenient view, the petitioner has failed to pay arrears promptly. Another contention of the petitioner is with respect to imposing of interest on the petitioner for installment facility. All the contentions of the petitioner are denied in the light of Regulation 131 of the Supply Code 2014. According to this, "if the consumer fails to remit the bill amount on or before the due date, the licensee is entitled to recover interest on the amount of the bill at the rates specified in the Schedule of Miscellaneous Charges as per schedule 1 of the Code." As per Sl. No.12 of the Schedule 1 of the Code, rate of interest for delayed payment is 12% per annum based on actual number of days from the due date up to a period of 30 days and thereafter at the rate of 18% per annum for the entire period of default from the due date. The installment schedule issued to the petitoner consumer on 18/11/2024 is in order. The

Clause (20) of the Agreement executed by the petitioner with the licensee reads as follows. "The Kerala Electricity Supply Code, 2014 as amended from time to time and the rules and regulations made under Act 2003 shall be deemed to be part of this agreement and provisions therein which are not contradictory to the provisions made herein also be binding on the consumer". In view of this clause of the agreement executed with the institution, KSEBL is empowered to bill the petitioner in conformity with the Tariff Orders being issued by the Kerala State Electricity Regulatory Commission from time to time and the petitioner is legally bound to pay such amounts to KSEBL.

The consumer haven't disputed the short assessment bill when the regular monthly electricity bill payments were made by him. Since the amount is not marked as "Dispute" in system Energize, as per Regulation 133 of Supply Code, 2014 all payments made by the petitioner are adjusted in the following order of Priority:

i. Interest on electricity duty arrears;
ii. Electricity duty arrears;
iii. Interest on electricity charge arrears; iv. Electricity charge arrears;
v. Dues of current month.

34 installments were granted to the petitioner (Installment schedule attached as Exhibit- R6) in which the first installment had to be remitted on 27/11/2024. But as the petitioner failed to made the payment, disconnection notice was issued to him as per the prevailing Statues of KSEBL.KSEBL initiates disconnection procedure as per regulation 138 of the Supply Code 2014 and Section 56 of the Electricity Act 2003 only if there is a default of payment from the consumer's side.
As per regulation 138 of the Supply Code 2014, the licensee shall disconnect the supply of electricity to any consumer if the consumer defaults in payment of the dues payable to the licensee as per the bill or demand notice or any order issued by a competent authority, within the stipulated there
As per section 136 of of the Electricity Supply Code 2014,the licensee shall be entitled to recover arrears of charges or any other amount due from the consumer along with interest at the rates applicable for belated payments from the date on which such payments became due. So the consumer can't evade from the payment penal interest.

In view of the facts mentioned in the para above, it is conclusively clear that KSEBL has already passed on all the benefits extended to the petitioner's firm on the strength of Section 108 of the Electricity Act, 2003. Now the petitioner is liable to pay an arrear of 165,51,657/- (Rupees Sixty Five Lakhs Fifty One thousand Six Hundred and Fifty Seven Only) for the period 25.11.2021 to 31.08.2024.The contentions of the petitioner are baseless and deserve no merit at all. KSEBL has the right to bill the petitioner based on

the Tariff Order being issued by Commission from time to time as well as the Agreement executed with M/s. EVM Automotive India Pvt.Ltd. Further with respect to the contention raised by the petitioner that there was a lapse from part of the official who took monthly reading of the meter installed at the premises of the petitioner's firm, the relevant observations made in the judgement dated 18.2.2020 of the Hon'ble Supreme Court of India in CA No.1672/2020 (SLP (C) No.5190/2019) may be considered. As per Section 56(2) of the Electricity Act 2003, "Not withstanding anything contained in any other law for the time being in force, no sum due from any consumer, under the Section shall be recoverable after the period of two years from the date when such sum became first due unless such sum has been shown continuously as recoverable as arrear of charges for electricity supplied and the licensee shall not cut off the supply of electricity". This section may be read along with the Judgment dated 18.02.2020 of the Hon'ble Supreme Court of India in Civil Appeal No.1672/2020 (SLP(C) No.5190/2019) which has observed the following: "Section 56(2) did not preclude the licensee company from raising an additional or supplementary demand after the expiry of the limitation period under section 56(2) in case of a mistake or bonafide error." "As per Section 17(1) (c) of the Limitation Act, 1963, in case of mistake, the limitation period begins to run from the date when the mistake is discovered for the first time."

In addition to the above, the Hon'ble Supreme Court of India in another Civil Appeal No. 7235/2009 by judgment dated 5.10.2021 has held the following view on Section 56(2) of the Electricity Act, 2003. "In other words, the negligence on the part of the licensee which led to short billing in the first instance and the rectification of the same after the mistake is detected, is not covered by sub section (1) of the Section 56. Consequently any claim so made by a licensee after the detection of their mistake, may not fall within the mischief, namely, "no sum due from any consumer under this section", appearing in sub section (2). In the light of aforementioned observation of the Hon'ble Supreme Court of India, it is unambiguously vivid that the short assessment of ₹65,51,657/- (Rupees Sixty Five Lakhs Fifty One thousand Six Hundred and Fifty Seven Only) is in order and the petitioner is legally liable to remit the said short assessment amount due to KSEBL. Moreover as the anomaly was found in 10/2024, KSEBL has the time limit till 11/2026 to claim the said short assessment amount from the petitioner in the light of Section 17(1) (c) of the Limitation Act 1963. In addition to the facts mentioned above, the Kerala State Electricity Regulatory Commission has also relied on the Judgment dated 18.02.2020 of the Hon'ble Supreme Court of India while issuing the Order dated 15.11.2021 in Review Petition No.RP 3/2021 filed by KSEBL against M/s. Bennet Coleman & Co Limited and allowed KSEBL to realize the short assessment bill for the period from 08/2014 to 02/2020 from M/s. Bennet Coleman & Co Limited.

As per Regulation 134(1) the licensee can issue an arrear bill for undercharged bills pertaining to any period, if it can be proved. In this context, the Order in Petition No.RP3/2021 dated 15.11.2021 (K.S.E.B. Limited V/s. Bennet Coleman & Co. Ltd.) of the Hon'ble Kerala State Electricity Regulatory Commission may be perused. In this, the Hon'ble Commission had revised their order, wherein, the period of assessment which was limited to two years was revised to 66 months (full period). This was based on the orders issued by the Hon'ble Supreme Court in Civil Appeal No.7235 of 2009 (M/s. Prem Cottex V/s. Uttar Haryana Bijli Vitran Nigam Ltd.) in the case of short assessment due to wrongly recorded multiplication factor (MF recorded as 5 instead of 10) in the bills issued from 08.06.2006 to 08/2009 and in Civil Appeal No.1672 of 2020 (Assistant Engineer, Ajmer Vidyut Vitran Nigam Limited V/s. Rahamathullah Khan alias Rahamjulla) in the case of short assessment due to wrong tariff code (from 07/2009 to 09/2011) wherein, it was clearly stated that escaped amount can be billed for the full period during which it had become due. In the light of the order of the Hon'ble Supreme Court and Kerala State Electricity Regulatory Commission, the consumer is liable to pay the arrear bill amount issued by Kerala State Electricity Board Limited. Hence KSEBL may be allowed to realize the short assessment of 65,51,657/- from M/s. EVM Automotive India Pvt. Ltd. and the Representation No.P/013/2025 may be dismissed with cost.

## പരാതിക്കാരന്റെ എതിർവാദം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റഗുലേഷൻ **134(1)** പ്രകാരം വൈദ്യുതി ചാർജ്ജ് ഈടാക്കിയതിൽ വന്നിട്ടുള്ള കുറവ് വസൂലാക്കാൻ ലൈസൻസിക്ക് അധികാരം ഉണ്ടെങ്കിലും ടി തുക ഗഡുക്കളായി പലിശ ഈടാക്കാതെ വസൂലാക്കേണ്ടതാണ് എന്ന് സപ്ലൈ കോഡ് റഗുലേഷൻ **152(4)** നോട്ടിഫിക്കേഷൻ നമ്പർ **609/D(T)/2018 KSERC/Dated 22-1-2020** പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. **34** മാസ കാലയളവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുറവ് വന്ന തുകയായ **65,51,657** രൂപ ഒരു തവണയായി അടക്കുവാൻ ഒരു കൺസ്യൂമർക്കും സാധാരണഗതിയിൽ സാധിക്കുകയില്ല എന്നത് പരമമായ സത്യമാണ്. ആയതിനാൽ **34** മാസങ്ങളിലായി കുറവ് വന്നിട്ടുള്ള വൈദ്യുതി ചാർജ്ജിന്റെ തുകയായ **65,51,657** രൂപ **34** തുല്യമാസ ഗഡുക്കളായി അടക്കുവാൻ സൗകര്യം ചോദിച്ചപ്പോൾ ഗഡുക്കൾ അനുവദിച്ചതിന്റെ കൂടെ പലിശ ഇനത്തിൽ **16** ലക്ഷം രൂപയാണ് കൂടുതൽ അടക്കണം എന്ന് ആവശ്യപ്പെട്ടത്. വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരുടെ വീഴ്ച്ച മൂലം സംഭവിച്ച ഒരു തെറ്റിന് യാതൊരു കുറ്റവും

ചെയ്യാത്ത, കൃത്യമായി എല്ലാ മാസവും മുടക്കം കൂടാതെ ചാർജ്ജ് അടച്ചുപോന്ന ഞങ്ങളെ പലിശ ഇനത്തിൽ ശിക്ഷിക്കുന്നത് സപ്ലൈ കോഡ് 2014 ന്റെ ഭേദഗതി ചെയ്ത റഗുലേഷൻ 152(4) ന്റെ നഗ്നമായ ലംഘനമാണ് എന്നതും അറിയിക്കുന്നു. കൂടാതെ ഷോർട്ട് അസ്സസ്സ്മെന്റ് പീരീഡ് 24 മാസത്തിൽ കൂടുതൽ ആയാൽ പോലും റഗുലേഷൻ 152(3) പ്രകാരം ടി കാലയളവ് 24 മാസമായി പരിമിതപ്പെടുത്തണമെന്നുള്ളതും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല എന്നതും ഖേദപൂർവ്വം അറിയിക്കുന്നു.

65,51,657 രൂപയുടെ ഷോർട്ട് അസ്സസ്സ്മെന്റ് ബിൽ കിട്ടിയപ്പോൾ തന്നെ ടി ബില്ലിൻമേലുള്ള ഞങ്ങളുടെ ആക്ഷേപം അസ്സസ്സിങ്ങ് ഓഫീസറായ സ്പെഷ്യൽ ഓഫീസർ (റവന്യൂ) ന് നൽകുകയും ആയതിന്റെ കോപ്പി ബന്ധപ്പെട്ട സർക്കിൾ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർക്കും, ഡിവിഷൻ എക്സി ക്യൂട്ടീവ് എഞ്ചിനീയർക്കും, സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കും നൽകിയെങ്കിലും ആരും ഞങ്ങളെ വിളിക്കാനോ ഞങ്ങളുടെ സങ്കടം കേൾക്കാനോ തയ്യാറായില്ല എന്നത് ഖേദപൂർവ്വം അറിയിക്കുന്നു. ഈ അവസ്ഥയിലാണ് ഞങ്ങളുടെ പരാതി ബഹുമാനപ്പെട്ട കൺസ്യൂമർ ഗ്രീവൻസ് റീഡസ്സൽ ഫോറത്തിൽ സമർപ്പിച്ചതും ആ വിവരം സ്പെഷ്യൽ ഓഫീസർ (റവന്യൂ) നെ അറിയിക്കുകയും ചെയ്തതും. എന്നാൽ സ്പെഷ്യൽ ഓഫീസർ (റവന്യൂ) ന്റെ ഓഫീസിൽ നിന്നും വൈദ്യുതി വിച്ഛേദനവുമായി ബന്ധപ്പെട്ട ഭീഷണികൾ ഫോണിലൂടെയും ഇമെയിൽ വഴിയും കിട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ഈ ഡിസ്കണക്ഷൻ ഭീഷണികൾ ഒഴിവാക്കുന്നതിന് വേണ്ടി മുഴുവൻ തുക (65,51,657 രൂപ) പ്രൊട്ടസ്റ്റ് ചെയ്ത് അടക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ ടി തുക ഗഡുക്കളാക്കി വാങ്ങു വാനും ഒരു ഗഡു പ്രൊട്ടസ്റ്റ് ചെയ്ത് അടക്കുവാനും അങ്ങനെ ഡിസ്കണക്ഷൻ ഭീഷണിയിൽ നിന്നും ഒഴിവാകുവാനും ഉദ്ദേശിച്ചാണ് ഗഡുക്കളാക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചത്. എന്നാൽ ടി തുക 34 ഗഡുക്കളായി അനുവദിച്ചതിന്റെ കൂട്ടത്തിൽ പലിശ ഇനത്തിൽ 16 ലക്ഷം രൂപ അടയ്ക്കണമെന്ന് വന്നപ്പോൾ ഈ ശ്രമവും ഉപേക്ഷിക്കേണ്ടി വന്നു എന്നതാണ് സത്യം.

സപ്ലൈ കോഡ് 2014 റഗുലേഷൻ 152(4) ഭേദഗതി ചെയ്തുകൊണ്ട് ഒരു കാരണവശാലും ഷോർട്ട് അസ്സസ്സ്മെന്റ് ബിൽ തുക ഗഡുക്കളാക്കുമ്പോൾ പലിശ വാങ്ങരുതെന്ന് റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ഉദ്യോഗസ്ഥരുടെ വീഴ്ചകൊണ്ടുണ്ടായ

ഈ ഷോർട്ട് അസ്സസ്സ്മെന്റ് ബില്ലിന് ഇൻസ്റ്റാൾമെന്റ് അനുവദിച്ചപ്പോൾ പലിശകൂടി ഉൾപ്പെടുത്തിയതു മൂലം റഗുലേഷൻ **152(4)** എന്ന വ്യവസ്ഥയും പരസ്യമായി ലംഘിക്കപ്പെട്ടിരിക്കയാണ്. ഞങ്ങൾക്ക് നൽകിയിരിക്കുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ച്ച മൂലം സംഭവിച്ച ഒരു ഷോർട്ട് അസ്സസ്സ്മെന്റ് ബില്ലാണ്. ഈ ബില്ലിന് **2nd respondent** സുചിപ്പിച്ചിരിക്കുന്ന വിധത്തിൽ സപ്ലൈ കോഡ് **2014** റഗുലേഷൻ **133** ൽ ഉൾപ്പെടുന്ന ഡിമാന്റുകളുമായി യാതൊരു ബന്ധവുമില്ല ഞങ്ങൾക്ക് നൽകിയ ബില്ലുമായി ബന്ധപ്പെട്ട് യാതൊരു ആക്ഷേപങ്ങളും ഞങ്ങൾ ഉന്നയിച്ചില്ല എന്നുള്ള **2nd respondent** ന്റെ സ്റ്റേറ്റ്മെന്റും തെറ്റാണെന്ന് അറിയിക്കുന്നു. ഞങ്ങൾക്ക് നൽകിയ ബില്ലിനെ സംബന്ധിച്ച ആക്ഷേപം ബന്ധപ്പെട്ട ഫോറത്തിൽ **(CGRF)** സമർപ്പിക്കുകയും ഈ വിവരം **2nd respondent** നെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ബില്ലിനെ സംബന്ധിച്ച് ആക്ഷേപം ഉള്ളതുകൊണ്ടാണ് പരാതി **CGRF** ൽ നൽകിയത്. പ്രതിമാസം ഇലക്ട്രിസിറ്റി ബിൽ തുക അടക്കുന്നത് ഇലക്ട്രിസിറ്റി ചാർജിന്റെ അക്കൗണ്ടിൽ വകയിരുത്താതെ ടി തുക അനധികൃതമായി വകമാറ്റി ഷോർട്ട് അസ്സസ്സ്മെന്റ് ബില്ലിൽ വകയിരുത്തി പ്രതിമാസ വൈദ്യുതി ബിൽ അടച്ചിട്ടില്ലെന്നും വൈദ്യുതി വിഛേദിക്കുമെന്നും കാണിച്ച് ലെറ്റർ നൽകി കൺസ്യൂമറെ ഭിഷണിപ്പെടുത്തുന്ന നടപടി ഒരിക്കലും ന്യായീകരിക്കാൻ സാധിക്കാത്തതാണെന്നും അറിയിക്കുന്നു.

സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ പാരഗ്രാഫ് **5** ൽ **2nd Respondent** സൂചിപ്പിച്ചിരിക്കുന്ന റഗുലേഷൻ **133, 136, 138** എന്നിവയ്ക്ക് ഞങ്ങൾക്ക് നൽകിയിരിക്കുന്ന ഷോർട്ട് അസ്സസ്സ്മെന്റ് ബില്ലുമായി യാതൊരു ബന്ധവുമില്ല എന്ന കാര്യവും അറിയിക്കുന്നു. ആയതിനാൽ ഇലക്ട്രിസിറ്റി ആക്ട് **2003** സെക്ഷൻ **56** പ്രകാരം ഷോർട്ട് അസ്സസ്മെന്റ് ബില്ലുകൾ ലൈസൻസിക്ക് നിയമപരമായ മാർഗ്ഗങ്ങളിലൂടെ മാത്രമേ കൺസ്യൂമറിൽ നിന്നും പിരിച്ചെടുക്കുവാൻ പാടുള്ളൂ എന്നും ഒരു കാരണവശാലും വൈദ്യുതി വിഛേദിക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

**11/2021** മുതൽ **8/2024** വരെ ഏകദേശം **34** മാസക്കാലം മൾട്ടിപ്ലിക്കേഷൻ ഫാക്ടർ തെറ്റായി രേഖപ്പെടുത്തി ബില്ല് ചെയ്യുന്ന വിവരം **SOR**ന്റെ ഓഫീസിൽ ബില്ല് തയ്യാറാക്കുന്ന സീനിയർ അസിസ്റ്റന്റിനോ, ബില്ലിങ്ങ് സൂപ്രണ്ടിനോ, സ്പെഷ്യൽ ഓഫീസർക്കോ, ബന്ധപ്പെട്ട സർക്കിൾ ഓഫീസിലെ ഡപ്യൂട്ടി ചീഫ് എഞ്ചിനിയർക്കോ, ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ, സബ് ഡിവിഷനിലെ അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ, എല്ലാ മാസവും ടി കൺസ്യൂമറുടെ റീഡിങ്ങ് എടുക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർക്കോ കണ്ടുപിടിക്കാൻ സാധിച്ചില്ല എന്നുള്ളത് ടി ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്നും, കൺസ്യൂമർ എന്ന നിലയിൽ എന്റെ വീഴ്ചയല്ലെന്നും അറിയിക്കുന്നു. അതായത് ഈ **short assessment** ബില്ലും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും കെ.എ സ്.ഇ.ബി ഉദ്യോഗസ്ഥരുടെ അശ്രദ്ധ കൊണ്ട് സംഭവിച്ചതാണെന്നും ആയതിൽ നിന്നുണ്ടായ ബാധ്യതയിൽ നിന്ന് കൺസ്യൂമറെ ഒഴിവാക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു

അതായത് കൺസ്യൂമർ മനസാവാചാ അറിയാത്ത കാര്യങ്ങൾ, ഉദ്യോഗസ്ഥരുടെ **deficiency** കൊണ്ടുണ്ടാകുന്ന തെറ്റുകളും അതിനോടനുബന്ധിച്ച് അസ്സസ്സ് ചെയ്യപ്പെടുന്ന വൻ ബില്ലുകളും അതുമായി ബന്ധപ്പെട്ടുള്ള പലിശകളും കൺസ്യൂമറുടെ മേൽ അടിച്ചേൽപ്പിക്കുന്ന രീതി അന്യായമാണെന്നും, ഉദ്യോഗസ്ഥരുടെ കുറ്റം കൊണ്ടുണ്ടാകുന്ന ഇത്തരം ബിൽ തുകകളുടേയും പലിശ തുകകളുടേയും ഒരു ഭാഗം ഉദ്യോഗസ്ഥരുടെ **liability** ആക്കി മാറ്റേണ്ടതാണെന്നും അല്ലാത്ത പക്ഷം ഉദ്യോഗസ്ഥരുടെ ഇത്തരം **deficiency** കൾ തുടർന്നുകൊണ്ടേയിരിക്കും എന്നുള്ള കാര്യവും ഖേദപൂർവ്വം അറിയിക്കട്ടെ.

റഗുലേറ്ററി കമ്മീഷന്റെ **2014** ൽ തയ്യാറാക്കിയിട്ടുള്ള സപ്ലൈ കോഡും അതിലെ റഗുലേഷൻസും ഉപഭോക്താവിന് നീതി കിട്ടുന്നതിനുവേണ്ടിയാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ ഈ സപ്ലൈ കോഡിലെ വ്യവസ്ഥകൾ ഒന്നും തന്നെ പാലിക്കുവാൻ **KSEB** ഉദ്യോഗസ്ഥർക്ക് ബാധ്യതയില്ല എന്നുള്ള നിലയിലാണ് **KSEB** യുടെ ബില്ലിങ്ങ് രീതികൾ കാണുന്നത്. സപ്ലൈ കോഡ് **2014** ലെ **KSEB**ക്ക് ഗുണകരവും അനുകൂലവുമായ വ്യവസ്ഥകൾ പാലിക്കുവാൻ കൺസ്യൂമർ ബാധ്യസ്ഥനാണെന്ന് **KSEB** പറയുമ്പോൾ കൺസ്യൂമർക്ക് ഗുണകരവും അനുകൂലവുമായ സപ്ലൈ കോഡ് **2014** ലെ വ്യവസ്ഥകൾ പാലിക്കുവാൻ **KSEB**ക്കും ബാധ്യതയുണ്ടെന്നുള്ള കാര്യം **KSEB** ഉദ്യോഗസ്ഥർ പലപ്പോഴും വിസ്മരിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ **2nd Respondent** ന്റെ എല്ലാ വാദഗതികളും തള്ളിക്കളയണമെന്നും യാതൊരു തെറ്റും ചെയ്യാത്ത ഞങ്ങളുടെ മേൽ കെട്ടിവെച്ചിരിക്കുന്ന ബാധ്യതകൾ ഒഴിവാക്കിത്തരണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 10/04/2025 ന് രാവിലെ 11:00-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനെ പ്രതിനിധീകരിച്ച് ശ്രീ.കൃഷ്ണകുമാർ.പി (അഡ്മിൻ) എതിർ കക്ഷികളായ ശ്രീ.ബിജു.ജെ.സി, സീനിയർ സൂപ്രണ്ട് (സ്പെഷ്യൽ ഓഫീസർ റെവന്യൂ), ഡെപ്യൂട്ടി ചീഫ് എൻജിനീയർ, പെരുമ്പാവൂറിനെ പ്രതിനിധീകരിച്ച് ശ്രീ.ശിവദാസൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കളമശ്ശേരി, എറണാകുളം എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു.

ലൈസൻസിയുടെ ഒരു HT ഉപഭോക്താവാണ് കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന M/s EVM Automotive India (P) Ltd എന്ന സ്ഥാപനം. 280 KVA Maximum demand ഉം 490 KW connected load ഉം ഉള്ള LCN 6/6815 എന്ന കണക്ഷനിൽ CT ഉപയോഗിച്ചുള്ള energy meter വഴിയാണ് ഉപഭോഗം രേഖപ്പെടുത്തിയിരുന്നത്. ഇവിടെ ഉപയോഗിച്ചിരുന്ന CT യുടെ ratio 15/5 ആയതിനാൽ തന്നെ ഇതിന്റെ Multiplication factor 3 ആയിരിക്കും. ഉപയോഗിച്ചിരുന്ന CT യിൽ തകരാർ കണ്ടതിനാലാകാം ലൈസൻസിയുടെ നിർദ്ദേശ പ്രകാരം 25/11/2021 ൽ CT മാറ്റിയിരിക്കുന്നു. അങ്കമാലി TMR division മീറ്ററും CT യും ടെസ്റ്റ് ചെയ്തിട്ടാണ് CT മാറ്റിസ്ഥാപിച്ചിരിക്കുന്നത്. TMR ഉണ്ടാക്കിയിട്ടുള്ള test report ഉം data sheet ഉം സെക്ഷൻ ഓഫീസ് വഴി SOR ലേയ്ക്ക് അയയ്ക്കുകയും SOR ഓഫീസിൽ billing software ൽ ഈ data രേഖപ്പെടുത്തുകയും വേണം. അവിടെ SOR ഓഫീസിലെ ഉദ്യോഗസ്ഥൻ ഇത് രേഖപ്പെടുത്തിയപ്പോൾ വന്ന പിശകുമൂലം CT ration 10/5 ആയി മാറി. അങ്ങനെ Multiplication factor "2" ആയിട്ടാണ് Bill നൽകിയിരുന്നത്. CT ratio മാറുന്നതിന് മുൻപും മാറിയ ശേഷവും 15/5 ആയിരിക്കെ എങ്ങനെ 10/5 എന്ന് തെറ്റായി രേഖപ്പെടുത്തി എന്നുള്ളതിന് വിശദീകരണം നല്കാൻ ലൈസെൻസിയ്ക്ക് കഴിഞ്ഞിട്ടില്ല. അങ്ങനെ 25/11/2021 മുതൽ 31/08/2024 വരെ Multiplication factor - '2' ആയി കണക്കാക്കി വൈദ്യുത ചാർജ് ഈടാക്കിയിരുന്നതിനാൽ ലൈസൻസിയ്ക്ക് വന്ന നഷ്ടം 65,51,657/- രൂപയായി കണക്കാക്കി പരാതിക്കാരന് demand നല്കുകയാണുണ്ടായത്.

ഇവിടെ 34 മാസത്തേയ്ക്കാണ് Short Assessement കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ നിയമസാധുതയെന്തെന്ന് പരിശോധിക്കാം?

വൈദ്യുതി നിയമം **Section 45** പ്രകാരമാണ് വൈദ്യുത ചാർജ് ഈടാക്കാനുള്ള അധികാരം ലൈസൻസിയ്ക്ക് കിട്ടിയിരിക്കുന്നത്.

***Section 45.Power to recover charges***

*(1) Subject to the provisions of this section, the prices to be charged by a distribution licensee for the supply of electricity by him in pursuance of section 43 shall be in accordance with such tariffs fixed from time to time and conditions of his licence.*

*(2) The charges for electricity supplied by a distribution licensee shall be -*

> ***(a)*** *fixed in accordance with the methods and the principles as may be specified by the concerned State Commission ;*
> ***(b)*** *published in such manner so as to give adequate publicity for such charges and prices.*

*(3) The charges for electricity supplied by a distribution licensee may include -*

> *(a) a fixed charge in addition to the charge for the actual electricity supplied;*

> *(b) a rent or other charges in respect of any electric meter or electrical plant provided by the distribution licensee.*

സെക്ഷൻ 56 ൽ വൈദ്യുത ചാർജ് കുടിശ്ശിക വരുത്തിയാൽ കണക്ഷൻ വിഛേദിക്കാനുള്ള അധികാരവും നൽകിയിരിക്കുന്നു.

**Section 56.** ***Disconnection of supply in default of payment.***

***(1)*** *Where any person neglects to pay any charge for electricity or any sum other than a charge for electricity due from him to a licensee or the generating company in respect of supply, transmission or distribution or wheeling of electricity to him, the licensee or the generating company may, after giving not less than fifteen clear days notice in writing, to such person and without prejudice to his rights to recover such charge or other sum by suit, cut off the supply of electricity and for that purpose cut or disconnect any electric supply line or other works being the property of such licensee or the generating company through which electricity may have been supplied, transmitted, distributed or wheeled and may discontinue the supply until such charge or other sum, together with any expenses incurred by him in cutting off and reconnecting the supply, are paid, but no longer: Provided that the supply of electricity shall not be cut off if such person deposits , under protest, -*

> ***(a)*** *an amount equal to the sum claimed from him, or*
> **(b)** *the electricity charges due from him for each month calculated on the basis of average charge for electricity paid by him during the preceding six months, whichever is less,pending disposal of any dispute between him and the licensee.*

***(2)*** *Notwithstanding anything contained in any other law for the time being in force, no sum due from any consumer, under this section shall be recoverable after the period of two years from the date when such sum became first due unless such sum has been shown continuously as recoverable as arrear of charges for electricity supplied and the licensee shall not cut off the supply of the electricity:*

ഇങ്ങനെ വരുന്ന കുടിശ്ശിക പരമാവധി രണ്ടു വർഷത്തേയ്ക്ക് ഈടാക്കാവൂ എന്ന് പ്രതിപാദിച്ചിരിക്കുന്നു.

**Kerala Electricity Supply Code 2014** ലെ **regulation 152** ലാണ് ലൈസൻസിയുടെ തെറ്റ് മൂലമുണ്ടായിട്ടുള്ള പിശകുകൾ കണ്ടെത്തിയാലെടുക്കേണ്ട നടപടികളെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നത്.

152. ***Anomalies attributable to the licensee which are detected at the premises of the consumer.***–

***(1)*** *Anomalies attributable to the licensee which are detected on inspection at the premises of the consumer, such as wrong application of multiplication factor, incorrect application of tariff by the licensee even while there is no change in the purpose of use of electricity by the consumer and inaccuracies in metering shall not attract provisions of Section 126 of the Act or of Section 135 of the Act.*
***(2)*** *In such cases, the amount of electricity charges short collected by the licensee, if any, shall only be realised from the consumer under normal tariff applicable to the period during which such anomalies persisted*

***(3)****The amount of electricity charges short collected for the entire period during which such anomalies persisted, may be realised by the licensee without any interest: Provided that, if the period of such short collection due to the anomalies is not known or cannot be reliably assessed, the period of assessment of such short collection of electricity charges shall be limited to twelve months: Provided further that while assessing the period of such short collection the factors as specified in subregulation (8) of regulation 155 shall be considered: Provided also that realisation of electricity charges short collected shall be limited for a maximum period of twenty four months, even if the period during which such anomaly persisted is found to be more than twenty four months.*

***(4)*** *The consumer may be given installment facility by the licensee for a maximum period of twelve months for the remittance of such amount of short collection with interest at the bank rate as on the date of remittance of the amount of installment.*

ഈ പരാതി **inaccuracies in metering** ആയതിനാൽ തന്നെ **regulation 152** ആണ് ബാധകമാവുക. ഇതുപ്രകാരം 3 വസ്തുതകൾ ഇവിടെ പ്രസക്തമായി വരുന്നു.

(1) മീറ്റർ രേഖപ്പെടുത്തിയതിൽ കുറവ് വന്നതിനാലുള്ള തുക പലിശരഹിതമായേ ഈടാക്കാവൂ.

(2) ഈ പിശക് നടന്നതെന്നെന്ന് കൃത്യമായി കണക്കാക്കാൻ കഴിയാത്ത പക്ഷം ഒരു വർഷത്തേയ്ക്കും, പിശകുണ്ടായ കാലയളവ് കണക്കാക്കാൻ കഴിഞ്ഞാൽ അത് രണ്ടുവർഷത്തിൽ കൂടുതലാണെങ്കിലും കുറവ് വന്ന തുക രണ്ടു വർഷത്തേയ്ക്ക് മാത്രമേ ഈടാക്കാൻ പാടുള്ളു.

(3) ഈ തുക പരമാവധി 12 തവണകളായി അടയ്ക്കാൻ ലൈസൻസി അനുവദിക്കേണ്ടതാണ്.

എതിർകക്ഷി **05/10/2021** ൽ ഉണ്ടായിട്ടുള്ള സുപ്രീം കോടതി വിധി ചൂണ്ടിക്കാട്ടി **34** മാസത്തേയ്ക്കുള്ള ചാർജ് ഈടാക്കാമെന്ന് സ്ഥാപിക്കാൻ ശ്രമിച്ചിരിക്കുന്നു. **Civil appeal 7235/2009** എന്ന **M/s Prem Cottex V/s Uttar Haryana Bijli Vitran Nigam Ltd** എന്ന കേസിൽ സുപ്രീം കോടതി വൈദ്യുതി നിയമം സെക്ഷൻ **56(2)** നെ വ്യാഖ്യാനിക്കാൻ ശ്രമിച്ചിരിക്കുന്നു. **' First due'** എന്ന പദത്തെ വ്യാഖ്യാനിച്ചിരിക്കുന്നത്. **The electricity charges become ' first due' only after the bill is issued . 56(2)** ന് സമാനമായ റെഗുലേഷൻ ആണ് **Supply Code 2014** റെഗുലേഷൻ **136** ൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഇവിടെ **regulation 152** ആണ് ബാധകം,ഇതിൽ **'first due '** എന്ന പദം കാണുന്നില്ല. ആയതിനാൽ തന്നെ ഈ വിധി ഇവിടെ ബാധകമാണെന്ന് കരുതാൻ കഴിയുന്നില്ല. മാത്രവുമല്ല ഈ സുപ്രീംകോടതി വിധിയിൽ **Supply Code** നെ ക്കുറിച്ചൊരു പരാമർശവും കാണുന്നില്ല. ഇവിടെ **KSERC** ഇറക്കിയിട്ടുള്ള **Supply Code 2014** വളരെ സമഗ്രമായ ഒരു നിയമ സംഹിതയാണ്. അതിനാൽ തന്നെ ആ ചട്ടങ്ങൾ പ്രകാരമുള്ള നടപടികളാണ് ലൈസൻസി എടുക്കേണ്ടത്.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ലൈസൻസി നല്കിയിട്ടുള്ള **Short Assessment Bill** ഇതിനാൽ റദ്ദാക്കുന്നു.
2. ലൈസൻസി **Short Assessement 24** മാസത്തേയ്ക്കായി നിജപ്പെടുത്തേണ്ടതും അങ്ങനെ പുതിയ **bill** നല്കേണ്ടതുമാണ്.

3. പുതുക്കിയ ബില്ല് പ്രകാരമുള്ള തുക അടയ്ക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണ്.
4. ലൈസൻസി പലിശ രഹിതമായ 12 തവണകളായി ഈ തുക അടയ്ക്കാൻ പരാതിക്കാരനെ അനുവദിക്കേണ്ടതാണ്.
5. ഈ തുക **disputed item** ആയതിനാൽ തന്നെ മുൻമാസങ്ങളിൽ അടച്ച തുകകൾ അതാതു മാസത്തെ വൈദ്യുത ചാർജായി തന്നെ കണക്കിലെടുക്കേണ്ടതാണ്.
6. ഈ കേസിൽ പിഴവു വരുത്തിയ ഉദ്യോഗസ്ഥനെ ലൈസൻസി കണ്ടെത്തുകയും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
7. ഈ ഉത്തരവുകൾ ഒരു മാസത്തിനകം നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
8. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/013/2025/ തീയതി: 22/04/2025.

**അയക്കുന്നത്:**

1. ശ്രീ. സാബു ജോണി, മാനേജിംഗ് ഡയറക്ടർ, **M/s. EVM Automotive India Pvt. Ltd., (LCN : 6/6815), Angel Plaza, TVS Junction , Kalamassery - 682022.**
2. ഡെപ്യൂട്ടി ചീഫ് എൻജിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, **KSEBL**, പെരുമ്പാവൂർ, എറണാകുളം.
3. സ്പെഷ്യൽ ഓഫീസർ (റെവന്യൂ), വൈദ്യുതി ഭവനം, **KSEBL**, പട്ടം, തിരുവനന്തപുരം - 695004

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - 683503